**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2479 — 18.02.2016 -ലെ മറുപടിക്ക്.

**കേരളാ ബിൽഡിംഗ് വർക്കേഴ്സ് വെൽഫയർ സെസ്സ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ്:** | **ശ്രീ. ഷിബു ബേബി ജോൺ**<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കേരളാ ബിൽഡിംഗ് വർക്കേഴ്സ് വെൽഫയർ സെസ്സ് പിരിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ; | (എ) 1996 -ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമ പ്രകാരം സെസ്സ് പിരിക്കുന്നതിനായി എല്ലാ ജില്ലകളിലും ഡെപ്യൂട്ടി ലേബർ ഓഫീസർമാരേയും അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-Iമാരേയും അസസ്സിംഗ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഇതിനായി കെട്ടിട നിർമ്മാണം നടത്തിയവരുടെ വിവരങ്ങൾ, ബിൽഡിംഗ് നമ്പർ, ഏരിയ, ഓർഡർ മുതലായവ താലൂക്ക് ആഫീസിൽ നിന്നും ശേഖരിക്കുകയും അതിന്മേൽ നിയമപ്രകാരം നോട്ടീസ് നൽകി സെസ്സ് പിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) ഇതു സംബന്ധിച്ച് പൊതു ജനങ്ങൾക്ക് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; സർക്കാർ പുതുതായി ഇറക്കിയിട്ടുള്ള സ്ലാബ് സമ്പ്രദായത്തിന്റെ അപാകത പരിഹരിക്കുമോ; സെസ്സ് നിർണ്ണയത്തിൽ മുൻകാലങ്ങളിൽ നിശ്ചയിച്ചിരുന്ന അപാകത പരിഹരിക്കുന്നതിന് നടപടി | (ബി) 1996-ലെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്സ് നിയമപ്രകാരം 10 ലക്ഷത്തിൽ കുറവ് തുക വരുന്ന സ്വന്തമായി താമസത്തിനുള്ള വീടുകളെ സെസ്സ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതും, 10 ലക്ഷത്തിനു മുകളിൽ വരുന്ന വീടുകൾക്ക് ഒരു ശതമാനം ബിൽഡിംഗ് സെസ്സ് അടക്കേണ്ടതുമാണ്. മറ്റ് കൊമേഴ്സ്യൽ ആവശ്യങ്ങൾക്ക് നിർമ്മിച്ച കെട്ടിടങ്ങൾക്ക് നിർമ്മാണ ചെലവിന്റെ ഒരു ശതമാനം കണക്കാക്കി |

| | |
|---|---|
| സ്വീകരിക്കുമോ; 100 സ്ക്വയർ മീറ്റർ വരെയുള്ള കെട്ടിടങ്ങളെ സെസ്സിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | സെസ്സ് അ ട ക്കേണ്ട തുമാണ്.<br>സെസ്സ് നിർണ്ണയം സംബന്ധിച്ച് പരാതി പരിഹരിക്കുന്നതിനായി നിർമ്മാണചെലവ് ഏകീകരിച്ചുകൊണ്ട് പുതുക്കിയ മാർഗരേഖ 16.12.2015 തീയതിയിൽ ഉത്തരവായിട്ടുണ്ട്. 100 സ്ക്വയർ മീറ്റർ വരെയുള്ള കെട്ടിടങ്ങളെ ഒഴിവാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ